പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3552 — 08.11.2019-ലെ മറുപടിക്ക്

# ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|
| സ്കൂൾ വിദ്യാർത്ഥികളിൽ ട്രാഫിക് അവബോധം സൃഷ്ടിക്കാൻ ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ? | കേരളത്തിലെ 20 ഗവൺമെന്റ് ഹൈസ്കൂളുകളിൽ സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ്, വിദ്യാഭ്യാസ വകുപ്പുകൾ തയ്യാറാക്കിയ പ്രൊപ്പോസലുകൾ കേരള റോഡ് സുരക്ഷാ അതോറിറ്റി പരിഗണിക്കുകയും ടി രണ്ട് പ്രൊപ്പോസലുകളും സംയോജിപ്പിച്ച് നടപ്പാക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ച് വരികയുമാണ്.<br>പോലീസ് വകുപ്പ് നടപ്പാക്കുന്ന "ശുഭയാത്ര" എന്ന പദ്ധതിയുടെ ഭാഗമായി പട്ടം ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ "സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം" ആരംഭിച്ചിട്ടുണ്ട്. Technical Support Group-ന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കി പോലീസ് വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ